milma

Malabar Regional Co-operative Milk Producers' Union Ltd.
Head Office: Peringolam, Kunnamangalam, Kozhikode, Kerala - 673 571

No:MRU:P&I:16:CATINSU:2023:484

25.10.2023

## സർക്കുലർ നമ്പർ 952/2023

**വിഷയം:-** **മേഖലാ യൂണിയൻ നടപ്പിലാക്കിവരുന്ന കന്നുകാലി ഇൻഷുറൻസ് പദ്ധതി തുടരുന്നത് സംബന്ധിച്ച്.**

**സൂചന :-** **18.10.2023 തീയ്യതിയിലെ മേഖലാ യൂണിയൻ ഭരണസമിതിയുടെ 58/(P&I)/6-ാം നമ്പർ തീരുമാനം.**

മലബാർ മേഖലാ യൂണിയനിൽ പാൽ നൽകുന്ന അംഗസംഘങ്ങളിലെ കർഷകരുടെ കന്നുകാലികൾക്ക് പരിരക്ഷ ലഭ്യമാക്കുന്ന ഒരു പദ്ധതി 01.11.2022 മുതൽ നടപ്പിലാക്കിയിരുന്നു. എയിംസ് ഇൻഷുറൻസ് ബ്രോക്കേഴ്സ്, തൃശൂർ മുഖേന യുണൈറ്റഡ് ഇൻഡ്യാ ഇൻഷുറൻസ് കമ്പനി, കോഴിക്കോട് ആണ് പ്രസ്തുത പദ്ധതി നടപ്പിലാക്കിയത്. നാളിതുവരെയായി നടപ്പു വർഷം 4.8 കോടി രൂപ ക്ഷീര കർഷകർക്ക് കന്നുകാലി ഇൻഷൂറൻസ് മുഖേന ലഭിച്ചുകഴിഞ്ഞിട്ടുണ്ട്.

മലബാർ മേഖലാ യൂണിയനിൽ പാൽ നൽകുന്ന അംഗസംഘങ്ങളിലെ ക്ഷീര കർഷകരുടെ കന്നുകാലികൾക്ക്, പരിരക്ഷ ലഭ്യമാക്കുന്ന കന്നുകാലി ഇൻഷുറൻസ് പദ്ധതി 01.11.2023 മുതൽ ഇന്ത്യാ ഗവൺമെന്റിന്റെ യുണൈറ്റഡ് ഇന്ത്യാ ഇൻഷുറൻസ് കമ്പനിയുമായി ചേർന്ന് തുടർന്നും നടപ്പിലാക്കുവാൻ മേഖലാ യൂണിയൻ ഭരണസമിതിയോഗം തീരുമാനിച്ചിരിക്കുന്ന വിവരം സന്തോഷപൂർവ്വം അറിയിക്കുന്നു. മേഖലാ യൂണിയന്റെ അംഗസംഘങ്ങളിൽ പാൽ നൽകുന്ന കർഷകരിൽ സർക്കാർ ഇൻഷുറൻസ് പദ്ധതിയിൽ ചേരാത്തവർ, മേഖലാ യൂണിയൻ നടപ്പിലാക്കുന്ന ഈ പദ്ധതിയിൽ ചേരാവുന്നതാണെന്ന് അറിയിക്കുന്നു.

പശുവിന്റെ/എരുമയുടെ മരണം മൂലമോ സ്ഥിരമായ അംഗവൈകല്യം നിമിത്തമോ (P.T.D) കർഷകനുണ്ടാകുന്ന നഷ്ടം പരിഹരിക്കുന്നതിനാണ് ഈ പദ്ധതി വിഭാവനം ചെയ്യുന്നത്. ഒരു കർഷകന്റെ പരമാവധി 5 പശുക്കളെയാണ് ഇത്തരത്തിൽ ഇൻഷൂർ ചെയ്യാൻ സാധിക്കുക. കഴിഞ്ഞ വർഷം **ഒരു എരുമ/പശു ഇൻഷൂറൻസ് പ്രീമിയത്തിലേയ്ക്ക് മേഖലാ യൂണിയൻ നൽകിയിരുന്ന സബ്സിഡി തുക 300 രൂപ യിൽ നിന്നും 400 രൂപയായി വർദ്ധിപ്പിക്കാൻ** തീരുമാനിച്ച വിവരം സന്തോഷപൂർവ്വം അറിയിച്ചുകൊള്ളുന്നു.

### പദ്ധതി സംബന്ധിച്ച വിവരങ്ങൾ

- പൂർണ്ണ ഗർഭാവസ്ഥയിൽ (9 മാസം) ഉള്ളവയെ ഒഴികെ എല്ലാ പശുക്കളെയും/ എരുമകളെയും ഇൻഷൂറൻസിൽ ചേർക്കാം.
- ഇൻഷൂറൻസ് കാലാവധി ഒരു വർഷമാണ്. ഇതിൽ പ്രൊപ്പോസൽ ഫോം അടക്കമുള്ള രേഖകൾ കോഴിക്കോട് എയിംസ് ഓഫീസിൽ ലഭിച്ച തീയ്യതി മുതൽ പോളിസി കലാവധി ആരംഭിക്കും. പക്ഷേ ക്ലെയിമുകൾ ഉന്നയിക്കുന്നതിന് 15 ദിവസം കഴിയണം. പ്രൊപ്പോസൽ ഫോം അയച്ചതിന്റെ അക്നോളഡ്ജ്മെന്റ് അതാത് ക്ഷീര സംഘം സൂക്ഷിക്കേണ്ടതാണ്.

## പരമാവധി ഇൻഷൂറൻസ് തുകയും, പ്രീമിയം തുകയും

രണ്ട് വിഭാഗങ്ങളിലായിട്ടാണ് ഇത്തവണ ഇൻഷൂറൻസ് പരിരക്ഷ നടപ്പിലാക്കുന്നത്.

| പരമാവധി ഇൻഷൂറൻസ് തുക | പ്രീമിയം തുക |
|---|---|
| 70,000/- രൂപ വരെ | 5.25% (GST ഉൾപ്പെടെ) |
| 70,000/- മുതൽ 1 ലക്ഷം രൂപ വരെ | 6.25% (GST ഉൾപ്പെടെ) |

## പശുക്കളെ ഇൻഷൂറൻസിൽ ചേർക്കാനായി സമർപ്പിക്കേണ്ട രേഖകൾ

1. വെറ്ററിനറി ഡോക്ടറുടെ ഡിക്ലറേഷൻ കം വെറ്ററിനറി സർട്ടിഫിക്കറ്റ്.
2. ടൈം സ്റ്റാംപ് ഉള്ള മൂന്ന് ഫോട്ടോകൾ.

    a) ഇയർടാഗിലെ നമ്പർ വ്യക്തമാകുന്ന രീതിയിലുള്ള തല ഭാഗം.
    b) പശുവിന്റെ ഇടതു ഭാഗം മുഴുവനായി കാണത്തക്ക രീതിയിൽ
    c) പശുവിന്റെ വലതു ഭാഗം മുഴുവനായി കാണത്തക്ക രീതിയിൽ

3. സംഘത്തിന്റെ നിർദ്ധിഷ്ട മാതൃകയിലുള്ള ശുപാർശ.

## പശു മരണപ്പെട്ടാൽ ഇൻഷൂറൻസ് ക്ലെയിം ലഭിക്കുന്നതിന് ചെയ്യേണ്ട കാര്യങ്ങൾ.

1. **മരണ വിവരം അറിയിക്കൽ :**

    പശുവിന്റെ മരണം സംഭവിച്ച് 24 മണിക്കൂറിനുള്ളിൽ aimsclt@aimsinsurance.in എന്ന ഐഡിയിലേയ്ക്ക് മെയിൽ ആയോ, 0495-2703700, 9745516100, 8592963300, 9562133700 എന്നീ നമ്പറുകളിൽ വാട്സാപ്പ് മുഖാന്തിരവും കോൾ മുഖാന്തിരവും താഴെപ്പറയുന്ന വിവരങ്ങൾ അറിയിക്കേണ്ടതാണ്. 24 മണിക്കൂറിനുള്ളിൽ മരണ വിവരം അറിയിക്കാത്ത കർഷകർക്ക് ഇൻഷൂറൻസ് ക്ലെയിം ലഭിക്കുന്നതല്ല.

    a) കർഷകന്റെ പേരും, മൊബൈൽ നമ്പറും
    b) പോളിസി നമ്പർ
    c) ടാഗ് നമ്പർ
    d) മരണപ്പെട്ട തീയ്യതിയും സമയവും
    e) മരണകാരണം

2. **ഇൻഷൂറൻസ് ഡെത്ത് ക്ലെയിം അയയ്ക്കൽ :**

    ഇൻഷൂറൻസ് ക്ലെയിം ലഭിക്കാനായി അയയ്ക്കേണ്ട രേഖകൾ.

    a) വെറ്ററിനറി ഡോക്ടറുടെ പോസ്റ്റ്മോർട്ടം റിപ്പോർട്ട്
    b) ടൈം സ്റ്റാംപ് ഉള്ള മൂന്ന് ഫോട്ടോകൾ.
        - ✓ ഇയർടാഗിലെ നമ്പർ വ്യക്തമാകുന്ന രീതിയിലുള്ള പശുവിന്റെ തല ഭാഗത്തിന്റെ ഫോട്ടോ.
        - ✓ വിവിധ ഘട്ടങ്ങളിലെ പോസ്റ്റ്മാർട്ടം ചെയ്ത പശുവിന്റെ ഫോട്ടോകൾ
        - ✓ പോസ്റ്റ്മോർട്ടം ചെയ്യുന്ന ഡോക്ടറും മരണപ്പെട്ട പശുവും ഉൾപ്പടെയുള്ള ഫോട്ടോ.
    c) മരണപ്പെട്ട പശുവിൽ നിന്നും ഫോട്ടോ എടുത്തതിന് ശേഷം ഊരിയെടുത്ത ഇയർടാഗ്.

3. **ഇൻഷൂറൻസ് പോളിസിയുടെ പകർപ്പ് അല്ലെങ്കിൽ പോളിസി നമ്പർ.**
4. **ക്ഷീര സംഘത്തിന്റെ ശുപാർശ കത്ത്.**

MALABAR REGIONAL CO-OPERATIVE MILK PRODUCERS' UNION LTD. No. D 89 (D) H.O. Calicut

**പശുക്കൾക്ക് പൂർണ്ണ സ്ഥിര വൈകല്യങ്ങൾ സംഭവിച്ചാൽ ഇൻഷൂറൻസ് ക്ലെയിം ലഭിക്കുന്നതിന് ചെയ്യേണ്ട കാര്യങ്ങൾ.**

1. **ഇൻഷൂറൻസ് കമ്പനിയെ വിവരം അറിയിക്കൽ :**

   വൈകല്യം സംഭവിച്ച വിവരം aimsclt@aimsinsurance.in എന്ന ഐഡിയിലേയ്ക്ക് മെയിൽ ആയോ, 0495–2703700, 9745516100, 8592963300, 9562133700 എന്നീ നമ്പറുകളിൽ വാട്സാപ്പ് മുഖാന്തിരവും കോൾ മുഖാന്തിരവും അറിയിക്കേണ്ടതാണ്.

2. **ഇൻഷൂറൻസ് ക്ലെയിം അയയ്ക്കൽ :**

   ഇൻഷുറൻസ് കമ്പനിയെ വിവരം അറിയിച്ചതിനു ശേഷമുള്ള രണ്ടാഴ്ചക്കുള്ളിൽ ലഭിക്കത്തക്ക വിധം താഴെ പറയുന്ന രേഖകൾ കമ്പനിക്ക് അയച്ചു നൽകേണ്ടതാണ്

   a) പശുവിനെ ചികിത്സിച്ച ഡോക്ടർ നിർദ്ദിഷ്ട മാതൃകയിലുള്ള അപേക്ഷയിൽ തയ്യാറാക്കി നൽകിയ സർട്ടിഫിക്കറ്റ്.
   b) പശുവിന് നൽകിയ ചികിത്സാ വിവരങ്ങൾ കാണിക്കുന്ന ഡോക്ടറുടെ കുറിപ്പടിയും മരുന്ന് ബില്ലുകളും.
   c) ഇൻഷൂറൻസ് പോളിസിയുടെ പകർപ്പ് അല്ലെങ്കിൽ പോളിസി നമ്പർ.
   d) ക്ഷീര സംഘത്തിന്റെ ശുപാർശ കത്ത്.

ക്ലെയിം അയച്ചതിന് ശേഷം ഇൻഷൂറൻസ് കമ്പനിയുടെ അന്വേഷണ ഉദ്യോഗസ്ഥൻ പശുവിനെ കാണുന്നതിനായി വരുന്നത് വരെയുള്ള സമയം കർഷകൻ പശുവിനെ വിൽപ്പന നടത്താനോ കൈമാറ്റം ചെയ്യാനോ പാടുള്ളതല്ല. ഇൻഷുറൻസ് കമ്പനിയിൽ നിന്ന് അറിയിക്കുന്ന മുറയ്ക്ക് പശുവിനെ വിൽക്കേണ്ടതും Sale letters ഉം Valuation certificate ഉം എയിംസ് ഓഫീസിലേക്ക് അയക്കേണ്ടതുമാണ്.

**പ്രൊപ്പോസൽ ഫോം, ക്ലെയിം ഫോം അയയ്ക്കേണ്ട മേൽവിലാസം :**

AIMS INSURANCE BROKING PVT. LTD.
Sunlight Tower (King Fort), Kallai Road, Annie Hall Road Jn., Calicut – 673 002
Ph: 0495-2703700, Mob: 9745516100, 8592963300, 9562133700
E-mail: aimsclt@aimsinsurance.in

**പ്രത്യേക അറിയിപ്പ്**

കന്നുകാലി ഇൻഷുറൻസ് പദ്ധതിയിൽ അംഗമാകാത്ത കർഷകരുടെ പശുക്കളുടെ മരണസംബന്ധമായ ധനസഹായ അപേക്ഷകൾ യാതൊരു കാരണവശാലും സ്വീകരിക്കുന്നതല്ലെന്ന് അറിയിക്കുന്നു. കൂടാതെ കന്നുകാലി ഇൻഷുറൻസിന് വേണ്ടി വരുന്ന പ്രീമിയം തുകയിൽ യൂണിയൻ സബ്സിഡിക്കു പുറമെ ഒരു നിശ്ചിത തുക സംഘം വിഹിതമായി അനുവദിക്കുന്നത് അഭികാമ്യമായിരിക്കും. 31.10.2023 വരെ കോഴിക്കോട് എയിംസ് ഓഫീസിൽ ലഭിച്ച കന്നുകാലി ഇൻഷുറൻസ് പ്രൊപ്പോസലുകൾ മാത്രമേ 4.3% നിരക്കിൽ ഇൻഷുറൻസ് കവറേജ് ചെയ്യുകയുള്ളൂ. 1.11.2023 മുതൽ ലഭിക്കുന്ന പ്രൊപ്പോസലുകൾ പുതിയ പ്രീമിയം നിരക്കായ 5.25 %, 6.25 % നിരക്കിൽ ആയിരിക്കും ഇൻഷുർ ചെയ്യുക.

മാനേജിംഗ് ഡയറക്ടർ

MALABAR REGIONAL CO-OPERATIVE MILK PRODUCERS' UNION LTD. No. D 89 (D) H.O. Calicut

എല്ലാ അംഗസംഘങ്ങൾക്കും

പകർപ്പ് : എല്ലാ ജില്ലാ/പി & ഐ യൂണിറ്റ് മേധാവികൾക്കും
വിഎസ്ടു എംഡി

www.mrcmpu.com/E-Stock Files